I.ഇ.ബി.XIകേരള നിയമസഭ/IV15

# പതിനൊന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2002 ജൂലായ് 8, തിങ്കൾ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

### ചരമോപചാരം

മുൻ എം.എൽ.എ. എം. ദാസന്റെ നിര്യാണം

മുൻ എം.എൽ.എ. എം. ദാസന്റെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പനേരം എഴുന്നേറ്റുനിന്നു മൗനം ആചരിക്കുകയും ചെയ്തു.

### ശ്രദ്ധക്ഷണിക്കൽ

1. ഞെളിയൻ പറമ്പിലെ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ . വി. കെ. സി. മമ്മത്കോയ: കോഴിക്കോട് കോർപ്പറേഷൻ നിക്ഷേപിക്കുന്ന ഖരമാലിന്യങ്ങൾ ഞെളിയൻപറമ്പിൽ 20 ഏക്കറോളം സ്ഥലത്ത് കുന്നുകൂടി കിടക്കുന്നതിനാൽ ദുർഗ്ഗന്ധത്താലും ജല–പരിസര മലിനീകരണത്താലും ഞെളിയൻ പറമ്പിലേയും പരിസര പഞ്ചായത്തുകളിലേയും ജനജീവിതം നരകതുല്യമായിരിക്കുകയാണ്. ഖരമാലിന്യങ്ങൾ

സംസ്കരിക്കുന്നതിനായി കോർപ്പറേഷൻ സ്ഥാപിച്ച വളംനിർമ്മാണ ഫാക്ടറി കൊണ്ട് ഉദ്ദേശിച്ച

ഫലം ഉണ്ടായിട്ടില്ല. ഖരമാലിന്യങ്ങൾ സൃഷ്ടിക്കുന്ന വിപത്തുകളെ സംബന്ധിച്ച് വി. ആർ വധേര സുപ്രീംകോടതിയിൽ സമർപ്പിച്ച പൊതുതാൽപ്പര്യഹർജിയുടെ അടിസ്ഥാനത്തി ലുണ്ടായിട്ടുള്ള വിധിന്യായങ്ങളും നിയമങ്ങളും നടപ്പിലാക്കുന്നതിന് സംസ്ഥാന ഗവൺമെന്റും ബാദ്ധ്യസ്ഥമാണ്. ഇക്കാര്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ഞെളിയൻപറമ്പിൽ പരിസ്ഥിതി സംരക്ഷണ ഏകോപന സമിതി ഹൈക്കോടതിയെ സമീപിച്ചു. ഹൈക്കോടതി ഡിവിഷൻ ബഞ്ച് ബന്ധപ്പെട്ടവരോട് സത്യവാങ്മൂലം സമർപ്പിക്കാൻ ആവശ്യപ്പെട്ടുവെങ്കിലും സർക്കാരും പൊല്യൂഷൻ കൺട്രോൾ ബോർഡും ഇതുവരെ സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല. ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതു സംബന്ധിച്ചുള്ള സുപ്രീംകോടതിയുടേയും കേന്ദ്രഗവൺമെന്റിന്റേയും നിർദ്ദേശങ്ങൾ പൂർണ്ണമായി നടപ്പിലാക്കി ഞെളിയൻപറമ്പിൽ നിവാസികളുടെ ദു:സ്ഥിതിക്ക് പരിഹാരമുണ്ടാക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള): കോഴിക്കോട് കോർപ്പറേഷൻ ഞെളിയൻപറമ്പിൽ നിക്ഷേപിക്കുന്ന നഗരമാലിന്യങ്ങൾ 1990 വരെ കമ്പോസ്റ്റ് വളമാക്കി ഉപയോഗിച്ചിരുന്നു. 90-കൾക്കുശേഷം പ്ലാസ്റ്റിക്കിന്റെ അതിപ്രസരംമൂലം നഗര മാലിന്യങ്ങളിൽ സ്വാഭാവിക കമ്പോസ്റ്റിംഗ് നടക്കാതെ വരികയും കമ്പോസ്റ്റ് വളത്തിന്റെ ഉപയോഗം കുറയുകയും ചെയ്തതിനാൽ 537 ലക്ഷം രൂപ ചെലവു ചെയ്ത് എക്സൽ കമ്പനിയുടെ സാങ്കേതിക വൈദഗ്ദ്ധ്യത്തോടെ ഒരു ജൈവവള പ്ലാന്റ് 2000 ഡിസംബർ 1 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 17.10.2001-ലെ സർക്കാർ ഉത്തരവനുസരിച്ച് ഇതെല്ലാം പരിശോധിക്കുന്നതിനായി പന്ത്രണ്ടംഗ മോണിറ്ററിംഗ് കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. സെൻട്രൽ പൊല്യൂഷൻ കൺട്രോൾ ബോർഡ് ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ടു പുറപ്പെടുവിച്ച ചട്ടങ്ങൾ അനുസരിച്ച് എല്ലാ നഗരസഭകളും 31.3.02-നുമുമ്പ് മാലിന്യ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുകയും ആറു മാസത്തിലൊരിക്കൽ അവയുടെ പുരോഗതികൾ വിലയിരുത്തുന്നതിന് സംവിധാനമുണ്ടാക്കുകയും നഗരസഭകൾ കൂടുതൽ മാലിന്യ നിക്ഷേപത്തിനുള്ള സ്ഥലം കണ്ടെത്തുകയും വേണം. കോഴിക്കോട് നഗരസഭയിലെ ട്രീറ്റുമെന്റ് പ്ളാന്റുകളിൽ എന്തെങ്കിലും ബുദ്ധിമുട്ടുകളുണ്ടെങ്കിൽ അവ ശ്രദ്ധയിൽ പെടുത്തിയാൽ അക്കാര്യം പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

(2) ആശുപത്രികളിൽ നിന്നുള്ള മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കുന്നതിനെത്തുടർന്ന് ഉളവായിട്ടുള്ള സ്ഥിതി വിശേഷം

ശ്രീ. വി. ഡി. സതീശൻ: സർക്കാർ-സ്വകാര്യ ആശുപത്രികളിൽ നിന്നും പുറന്തള്ള പ്പെടുന്ന മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് ഇന്ന് യാതൊരു സംവിധാനവുമില്ല. ഓപ്പറേഷ നെത്തുടർന്ന് പുറന്തള്ളപ്പെടുന്ന മനുഷ്യാവയവങ്ങൾ പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കുന്നതു മൂലം ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നു. ചില ആശുപത്രികളിൽ നിന്ന് ഒരു

ദിവസം മുപ്പതു മുതൽ അൻപതു കിലോഗ്രാം വരെ മനുഷ്യാവയവങ്ങൾ പുറന്തള്ളുന്നുണ്ട്. ഇതുകൂടാതെ ഉപയോഗശൂന്യമായ സിറിഞ്ചുകൾ, ഐ. വി. ട്യൂബുകൾ തുടങ്ങിയവയും നിക്ഷേപിക്കുന്നുണ്ട്. ഇവ റീസൈക്കിൾ ചെയ്ത് വീണ്ടും മാർക്കറ്റിൽ എത്താൻ ഇടയാ

കുന്നതുമൂലം ഹെപ്പറ്റൈറ്റിസ്-ബി പോലുള്ള മാരക രോഗങ്ങളും പടരാൻ ഇടയാകുന്നുണ്ട്. ബയോ മെഡിക്കൽ വേസ്റ്റ് ട്രീറ്റ്മെന്റ് എങ്ങനെയാകണമെന്ന് കേന്ദ്ര പരിസ്ഥിതി സംരക്ഷണ ആക്ടനുസരിച്ചുള്ള നോട്ടിഫിക്കേഷൻ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നതിന് സർക്കാർ-സ്വകാര്യ ആശുപത്രികൾ തയ്യാറാകുന്നില്ല. ആശുപത്രികളിലെ മാലിന്യ സംസ്ക്കരണത്തിന് ഇൻസിനറേറ്ററിന് പുറമേ മാർക്കറ്റിൽ ലഭ്യമായിട്ടുള്ള ആധുനിക ട്രീറ്റ്മെന്റ് പ്ലാന്റുകളും ഉപയോഗിക്കുന്നതിന് ആശുപത്രികളെ നിബ്ബന്ധിതമാക്കണം. ഇതിനായി കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുള്ള നിയമങ്ങൾ ലംഘിക്കുന്നവർക്കെതിരെ ശിക്ഷണനടപടികൾ കർശനമായി നടപ്പാക്കണം.

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) : ആശുപത്രികളിൽ നിന്നും പുറന്തള്ള പ്പെടുന്ന മാലിന്യങ്ങളുടെ സംസ്ക്കരണം സംബന്ധിച്ച് ചൂണ്ടിക്കാണിച്ച വിഷയങ്ങൾ വളരെ ഗൗരവമുള്ളതാണ്. പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കുന്ന ഖരമാലിന്യങ്ങളുടെ സംസ്ക്കരണം തദ്ദേശ ഭരണസ്ഥാപനങ്ങളുടെ ചുമതലയാണെങ്കിലും ആശുപത്രികൾ നിക്ഷേപിക്കുന്ന മാലിന്യങ്ങൾ, മനുഷ്യാവയവങ്ങൾ, സൂചി, ഡ്രിപ്പ് സെറ്റ് തുടങ്ങിയവ സംസ്ക്കരിക്കേണ്ടത് ആരോഗ്യവകുപ്പിന്റെ ചുമതലയാണ്. സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ-സ്വകാര്യ ആശുപത്രികളിൽ ഉണ്ടാകുന്ന ബയോ മെഡിക്കൽ മാലിന്യങ്ങൾ, ഖരമാലിന്യങ്ങൾ എന്നിവ നിർമ്മാർജ്ജനം ചെയ്യുന്നതിന് ഇപ്പോൾ മതിയായ സംവിധാനമില്ല. തുറസ്സായ സ്ഥലങ്ങളിൽ നിക്ഷേപിക്കുക, മുനിസിപ്പൽ പ്രദേശത്തെ ഖരമാലിന്യങ്ങളുടെ കൂടെ നിക്ഷേപിക്കുക, മണ്ണിൽ കുഴിച്ചുമൂടുക, തുടങ്ങിയവമൂലം പല ആരോഗ്യ പ്രശ്നങ്ങളും ഉണ്ടാകുന്നുണ്ട്. മാലിന്യ സംസ്ക്കരണത്തിന് ആശുപത്രികളിലുള്ള സംവിധാനങ്ങളൊന്നും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. കേന്ദ്ര സർക്കാർ പുറപ്പെടു വിച്ചിട്ടുള്ള ചട്ടങ്ങൾ-ബയോ മെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് ആന്റ് ഹാൻഡ്ലിംഗ് അനുസരിച്ച് 31.12.2002-നകം ആശുപത്രികൾ മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ ഉണ്ടാക്കേണ്ടതാണ്. അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായും ആരോഗ്യവകുപ്പ് ഡയറക്ടർ, സംസ്ഥാന മലിനീകരണ ബോർഡ് ചെയർമാൻ, ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ അസ്സോസിയേഷൻ പ്രതിനിധികൾ തുടങ്ങിയവർ ഉൾപ്പെട്ട കമ്മിറ്റി രൂപീകരിച്ച് ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഐ.സി.ഐ.സി.ഐ. എന്ന സ്ഥാപനത്തെ ഇതിന്റെ കൺസൾട്ടന്റായും നിയമിച്ചിട്ടുണ്ട്. ഇതോടൊപ്പം കേന്ദ്രീകൃത മാലിന്യ പ്ലാന്റുകൾ സ്ഥാപിക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സർക്കാർ ആശുപത്രികളിലെ മാലിന്യനിർമ്മാർജ്ജനത്തിന്റെ ഭാഗമായി ആലപ്പുഴ, നൂറനാട്, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ കേന്ദ്രീകൃത മാലിന്യസംസ്ക്കരണ പ്ളാന്റുകൾ സ്ഥാപിക്കുന്നതിന് നടപടികൾ എടുത്തുവരുന്നു. സർക്കാർ

ആശുപത്രികളിലേയ്ക്കായി പതിനൊന്ന് ഇൻസിനറേറ്ററുകൾ വാങ്ങിയിട്ടുണ്ട്. മാലിന്യനിർമ്മാർജ്ജനത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ആവശ്യമായ നിയമനിർമ്മാണം നടത്തുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചുവരുന്നു.

## സബ്മിഷൻ

(1) <u>കട്ടപ്പന പോലീസ് നടത്തിയ ലാത്തിച്ചാർജ്ജും ഭീകരമർദ്ദനവും</u>

<u>ശ്രീ. കെ.കെ. ജയചന്ദ്രൻ:</u> ജൂലായ് 5-ാംതീയതി കട്ടപ്പന പോലീസ് സ്റ്റേഷൻ അതിർത്തിയിൽവച്ച് മാധവൻ എന്ന ആളുടെ ദേഹത്ത് ഓട്ടോറിക്ഷ മുട്ടി എന്നുള്ള കാരണത്താൽ ഓട്ടോറിക്ഷാ ഡ്രൈവർ അഭിലാഷിനെ ഷംസുദ്ദീൻ എന്ന പോലീസുകാരൻ ഭീകരമായി മർദ്ദിച്ചു. ഈ പോലീസുകാരന്റെ പേരിൽ കേസ്സെടുക്കണമെന്ന് ആവശ്യപ്പെട്ട് ഐ.എൻ.ടി.യു.സി., സി.ഐ.ടി.യു., ബി.എം.എസ്. പ്രവർത്തകർ ഒന്നടങ്കം പ്രതിഷേധ പ്രകടനം നടത്തി. പ്രകടനക്കാരെ പിരിച്ചുവിടുന്നതിന് പോലീസ് ക്രൂരമായി ലാത്തിച്ചാർജ്ജ് ചെയ്യുകയും ആകാശത്തേയ്ക്ക് വെടിവയ്ക്കുകയും ചെയ്തു. പ്രകടനക്കാർ സംഘർഷമുണ്ടാക്കി എന്നുള്ള ആരോപണം ശരിയല്ല. ലാത്തിച്ചാർജജിൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്ററ് പാർട്ടി ജില്ലാ കമ്മിററി അംഗം ശിവരാജൻ, ലോക്കൽ കമ്മിററി അംഗം ടോമി, എന്നിവർക്ക് പരിക്കുപററി. ഈ സംഭവം അറിഞ്ഞ് അവിടെ തടിച്ചുകൂടിയ ജനക്കൂട്ടത്തിനു നേരെ പോലീസ് വീണ്ടും ലാത്തിച്ചാർജ്ജ് നടത്തുകയും 17 പേരെ അറസ്റ്റ് ചെയ്ത് അതിക്രൂരമായി മർദ്ദിക്കുകയും ചെയ്തു. ഈ സംഭവത്തിനു ശേഷം ഓട്ടോറിക്ഷാ സ്റ്റാന്റിൽ ഉണ്ടായിരുന്ന ഓട്ടോറിക്ഷകളെല്ലാം പോലീസ് ശക്തി ഉപയോഗിച്ച് മാറ്റി. ഇതുപോലുള്ള സംഭവങ്ങൾ ആവർത്തിക്കാൻ പാടില്ല. ഈ സംഭവത്തിന് ഉത്തരവാദികളായ പോലീസുദ്യോഗസ്ഥന്മാരെ മാററിനിർത്തി ജുഡീഷ്യൽ അന്വേഷണം നടത്തി കുറ്റവാളികൾക്കെതിരെ കർശന നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി <u>(ശ്രീ. എ.കെ. ആന്റണി):</u> കട്ടപ്പന ടീച്ചേഴ്സ് സഹകരണസംഘത്തിന് സമീപം വച്ച് 2002, ജൂലായ് 5-ാംതീയതി അഭിലാഷ് ഓടിച്ചിരുന്ന ഓട്ടോറിക്ഷ മാധവൻ എന്ന ആളുടെ ദേഹത്ത് മുട്ടി പരിക്കുപററി. ഇയാളെ ആശുപത്രിയിൽ കൊണ്ടുപോകാൻ തയ്യാറാകാതെ കടന്നുകളയാൻ ശ്രമിച്ച ഓട്ടോറിക്ഷാ ഡ്രൈവറെ ആംഡ് റിസർവ് പോലീസിലെ ഒരു ഹെഡ് കോൺസ്ററബിൾ തടഞ്ഞുനിർത്തി മാധവനെ ആശുപത്രിയിൽ എത്തിച്ചു. തുടർന്ന് ഉച്ചയ്ക്ക് രണ്ട് മണിയോടെ ഓട്ടോറിക്ഷാ ഡ്രൈവറെ മർദ്ദിച്ചു എന്ന് ആരോപിച്ച് സി.ഐ.ടി.യു., ബി.എം.എസ്. പ്രവർത്തകർ ജാഥയായി കട്ടപ്പന പോലീസ് സ്റ്റേഷനിൽ അതിക്രമിച്ച് കടക്കാൻ ശ്രമിക്കുകയും പോലീസിനു നേരെ കല്ലേറിയുകയും ചെയ്തു. കല്ലേറിൽ ഒരു അഡീഷണൽ എസ്.ഐ.യ്ക്കും ഒരു പോലീസുകാരനും പരിക്കുപറ്റി. അക്രമാസക്തരായ ജനക്കൂട്ടത്തെ പിരിച്ചുവിടുന്നതിനുവേണ്ടി പാറാവ് ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന പോലീസുകാരൻ ആകാശ ത്തേയ്ക്ക് ഒരു റൗണ്ട് വെടിവച്ചു.

നാലുപേരെ പോലീസ് കസ്ററഡിയിൽ എടുത്തു. ഇവരെ വിട്ടുകിട്ടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വീണ്ടും പ്രകോപനപരമായി പോലീസ് സ്റ്റേഷനിൽ എത്തിയ പ്രകടനക്കാർ പിരിഞ്ഞുപോകാൻ വിസമ്മതിച്ചപ്പോൾ പോലീസ് ലാത്തിച്ചാർജ്ജ് നടത്തി. ലാത്തിച്ചാർജ്ജിനിടയിൽ പാർട്ടി നേതാക്കളായ ഷാജി നെല്ലിപറമ്പിൽ, ശിവരാജൻ, ടോമി, വി.കെ.സോമൻ, ബാലചന്ദ്രൻ എന്നിവർക്ക് പരിക്കുപററി. ഇവരെ കോടതി നിർദ്ദേശ പ്രകാരം പീരുമേട് താലൂക്കാശുപത്രിയിൽ ചികിൽസിച്ചശേഷം പീരുമേട് സബ് ജയിലിൽ പാർപ്പിച്ചിരിക്കുകയാണ്. ഈ സംഭവവുമായി ബന്ധപ്പെട്ട് കട്ടപ്പന പോലീസ് മൂന്ന് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; 19 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ച കാര്യങ്ങളെക്കുറിച്ച് ഗവൺമെന്റ് പ്രത്യേകമായി അന്വേഷിക്കാം.

(2) കൊച്ചിൻ സഹകരണ മെഡിക്കൽ കോളേജിനെ സംബന്ധിച്ച ആശങ്കകൾ ഒഴിവാക്കാനുള്ള നടപടി

ശ്രീ. കെ. മുഹമ്മദാലി: കൊച്ചിൻ സഹകരണ മെഡിക്കൽ കോളേജിന്റെ കെട്ടിട നിർമ്മാണം പുനരാരംഭിക്കുന്നതിനും അത്യാവശ്യ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും മെഡിക്കൽ കോളേജിന്റെ അംഗീകാരത്തെക്കുറിച്ചുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിനും ഗവൺമെന്റ് അടിയന്തിര നടപടി സ്വീകരിക്കണം.

സഹകരണ വകുപ്പുമന്ത്രി (ശ്രീ. എം.വി. രാഘവൻ): കോ-ഓപ്പറേറ്റീവ് ഡിപ്പാർട്ടു മെന്റിന്റെ കീഴിലുള്ള കൊച്ചിൻ സഹകരണ മെഡിക്കൽ കോളേജിന്റെ പണി യു.പി. കൺസ്ട്രക്ഷൻ കോർപ്പറേഷനെയാണ് ഏല്പിച്ചിരുന്നത്. ഇപ്പോൾ ഇതിനെ സംബന്ധിച്ച് കോടതിയിൽ കേസ് നിലവിലുള്ളതുകൊണ്ടാണ് പണി തുടരാൻ കഴിയാത്തത്. 150 കുട്ടികൾക്ക് വീതം താമസിക്കാനുള്ള ഹോസ്റ്റലിന്റെ പണിക്ക് ടെന്റർ കൊടുത്തുകഴിഞ്ഞു. കേസ് നീണ്ടു പോവുകയാണെങ്കിൽ കേസിന് ആസ്പദമല്ലാത്ത സ്ഥലത്ത് 150 കോടിരൂപ കടമെടുത്ത് അഞ്ചുനില കെട്ടിടം നിർമ്മിക്കാനും ഗവൺമെന്റ് ആലോചിക്കുന്നുണ്ട്.

(3) ഒറ്റപ്പാലം-മായന്നൂർ പാലം പണി നിറുത്തിവച്ചതുമൂലമുളവായിട്ടുള്ള പ്രശ്നങ്ങൾ

ശ്രീ. വി.സി. കബീർ: നിർമ്മാണം മുടങ്ങിക്കിടക്കുന്ന ഒറ്റപ്പാലം-മായന്നൂർ പാലത്തിന്റെ പണി പൂർത്തിയാക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം.കെ. മുനീർ): മായന്നൂർ പാലത്തിന്റെ നിർമ്മാണ ത്തിനായി 15.30 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതിയും പ്രത്യേക ഭരണാനുമതിയും നൽകിയിട്ടുണ്ട്. ഇതിന്റെ നിർമ്മാണ പ്രവർത്തനം കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേ ഷനാണ് നടത്തുന്നത്. മേൽപ്പാലം ഒഴികെയുള്ള പാലത്തിന്റെ തൂണുകളുടെ പണി പൂർത്തീ കരിച്ചിട്ടുണ്ട്. 306 ലക്ഷം രൂപ കൺസ്ട്രക്ഷൻ കോർപ്പറേഷന് കൊടുക്കാനുണ്ട്. മൊബിലൈ സേഷൻ അഡ്വാൻസ് ഇനത്തിൽ 127 ലക്ഷം രൂപ കൊടുത്തിട്ടുണ്ട്.

(3) മാർക്കറ്റ് ഫെഡറേഷൻ തുടങ്ങിയ സ്ഥാപനങ്ങളെക്കൊണ്ട് കുരുമുളക്

എടുപ്പിക്കുന്നതിനുള്ള നടപടി

ശ്രീ. പി.ടി. തോമസ്: കുരുമുളകിന്റെ വിലയിടിവുമൂലം കൃഷിക്കാർ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് മാർക്കറ്റിംഗ് ഫെഡറേഷൻ തുടങ്ങിയ സ്ഥാപനങ്ങളെ ക്കൊണ്ട് കുരുമുളക് എടുപ്പിക്കാൻ 5 കോടിരൂപ സഹായം നൽകാനും ഡൈവേഴ്സി ഫിക്കേഷനിലൂടെ പുതിയ വ്യവസായങ്ങൾ കൊണ്ടുവരാനും നടപടി സ്വീകരിക്കണം.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ.ആർ. ഗൗരിയമ്മ): കയറ്റിറക്കുമതി നയത്തിന്റെ ഫലമായി ഇന്ത്യോനേഷ്യ മുതലായ രാജ്യങ്ങളിൽനിന്ന് വില കുറഞ്ഞതും തരം താഴ്ന്നതുമായ കുരുമുളക് ഇറക്കുമതി ചെയ്ത് ഗുണമേന്മയുള്ള കുരുമുളകുമായി കൂട്ടിച്ചേർത്ത് കയറ്റുമതി ചെയ്തതിനാലാണ് വിലയിടിവുണ്ടായത്. ഇപ്പോൾ 9000 രൂപവരെ വിലയുണ്ട്. ഏതെങ്കിലും വിധത്തിൽ വില തീരെ താണുപോവുകയാണെങ്കിൽ മാർക്കറ്റ് ഇന്റർവെൻഷൻ

നടത്തുന്നതിനെക്കറിച്ച് ഗവൺമെന്റ് ആലോചിക്കാം. വിലയിടിവിനെത്തുടർന്ന് സ്പെഷ്യൽ പാക്കേജ് സ്കീമിന് 5 കോടിരൂപ വകയിരുത്തിയിട്ടുണ്ട്.

(5) കൊല്ലം ജില്ലയിൽ സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതിക്ക് ഗവൺമെന്റിൽ നിന്നും ഫിനാൻഷ്യൽ ക്ളിയറൻസ്

ശ്രീ. പി.എസ്. സുപാൽ: കൊല്ലം ജില്ലയിൽ സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതിയുടെ 2-ാം ഘട്ടമായി 30,000 വീടുകൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും വീട് നിർമ്മാണ ത്തിന് ത്രിതല പഞ്ചായത്ത് സമിതികളുടെ വിഹിതമായ 15 കോടിരൂപ ട്രഷറിയിൽ നിക്ഷേപിക്കു കയും ചെയ്തിട്ടും ഗവൺമെന്റിൽനിന്ന് അതിനുള്ള ഫിനാൻഷ്യൽ ക്ളിയറൻസ് ലഭിച്ചിട്ടില്ല.

'ഹഡ്കോ' യിൽനിന്ന് വായ്പ ലഭിക്കാൻ എത്രയുംവേഗം ഫിനാൻഷ്യൽ ക്ളിയറൻസ് ലഭ്യമാക്കൻ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള): കൊല്ലം ജില്ലാ പഞ്ചായത്ത് ആരംഭിച്ച 2-ാം ഘട്ട ഭവനനിർമ്മാണ പദ്ധതി ആരംഭിക്കുന്നതിന് എത്രയും വേഗം ക്ളിയറൻസ് നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കാം.

(6) വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ

ശ്രീ. എൻ.ഡി. അപ്പച്ചൻ: വൈദ്യുതി കണക്ഷനുവേണ്ടി O.Y.E.C. സ്കീമിലും മിനിമം ഗ്യാരന്റി സ്കീമിലും പണമടച്ച് വർഷങ്ങളായി കാത്തിരിക്കുന്നവർക്ക് എത്രയുംവേഗം കണക്ഷൻ നൽകാനുള്ള നടപടി സ്വീകരിക്കണം.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): 225,000 വെതർ പ്രൂഫ് കണക്ഷനുള്ള അപേക്ഷകൾ പെൻഡിംഗിലാണ്. ഇതിൽ 31.12.2001 വരെ അപേക്ഷിച്ചവർക്ക്

ആറു മാസത്തിനുള്ളിലും ഒ.വൈ.ഇ.സി. പ്രകാരം പണം അടച്ചിട്ടുള്ളവർക്ക് മൂന്നു മാസത്തിനുള്ളിലും കണക്ഷൻ നൽകുന്നതാണ്. പി.പി.എസ്., എം.പി., എം.എൽ.എ. ഫണ്ട് സ്കീമുകളിൽ പണം അടച്ചിട്ടുള്ള എല്ലാ പ്രവൃത്തികളും ഈ വർഷം തന്നെ പൂർത്തിയാക്കുന്നതാണ്. പോസ്റ്റ്, കമ്പി എന്നിവ ആവശ്യമുള്ള ഒ.എച്ച്. കണക്ഷനുകളുടെ ടാർജറ്റ് തീയതി 31.12.1999 എന്നത് 31.12.2000 ആയി പുതുക്കി നിശ്ചയിക്കും. ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ളവർക്കുള്ള വെതർ പ്രൂഫ് വർക്കുള്ള കണക്ഷനുകൾ ഒരു മാസത്തിനുള്ളിൽ നൽകും. ഈ സാമ്പത്തിക വർഷം നാലു ലക്ഷം പുതിയ കണക്ഷനുകളാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അതിൽ പോസ്റ്റും കമ്പിയും ആവശ്യമുള്ള ഒ.എച്ച്. കണക്ഷനുകൾക്ക് ബോർഡിന് ചെലവുവരുന്ന തുക തവണകളായി ഈടാക്കി ഒ.വൈ.ഇ.സിക്ക് തൊട്ടുതാഴെ പ്രയോറിറ്റി നിശ്ചയിക്കുന്ന ഒരു പദ്ധതി ആവിഷ്ക്കരിച്ച് ഉടനെ നടപ്പാക്കും. മിനിമം ഗ്യാരന്റി എക്സിക്യൂട്ട് ചെയ്തിട്ടുള്ള 2000 ഡിസംബർ വരെയുള്ള ടാർജറ്റ് പുതുക്കി നിശ്ചയിക്കുന്നതാണ്.

(7) നെടുങ്കണ്ടം 66 കെ. വി. സബ് സ്റ്റേഷനിലേയ്ക്ക് വൈദ്യുതി ലൈൻ കടന്നു പോകുന്ന പ്രദേശത്തെ കൃഷിക്കാർക്ക് നഷ്ടപരിഹാരം

ശ്രീ. കെ. കെ. ജയചന്ദ്രൻ: നെടുങ്കണ്ടം 66 കെ. വി. സബ് സ്റ്റേഷനിലേയ്ക്ക് ലൈൻ വലിക്കുന്നതിനായി അളന്നുതിരിച്ച ഭൂമിക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണം.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): നെടുങ്കണ്ടം 66 കെ. വി. സബ് സ്റ്റേഷനിലേയ്ക്ക് വൈദ്യുതി ലൈൻ കടന്നു പോകുന്ന സ്ഥലങ്ങളിലെ വൃക്ഷങ്ങൾക്കുള്ള നഷ്ടപരിഹാരം തിട്ടപ്പെടുത്തി മരങ്ങൾ മുറിക്കുന്നതിന് കരാർ ആയിട്ടുണ്ട്. നഷ്ടപരിഹാരത്തിന് അർഹരായിട്ടുള്ള 200 കർഷകരിൽ പട്ടയമില്ലാത്ത 92 പേർക്ക് ഉടമസ്ഥാവകാശം നിർണ്ണയിച്ച് ഉത്തരവാകണം. മരങ്ങൾ മുറിച്ചുമാറ്റിയതിനു ശേഷം ഡീറ്റെയിൽഡ് വാല്യുവേഷൻ സ്റ്റേറ്റുമെന്റ് തയ്യാറാക്കി നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## റിപ്പോർട്ട് സമർപ്പണം

പരിസ്ഥിതി സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിച്ചു.

## ധനകാര്യം

2002–2003 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ – V – കാർഷികാദായ നികുതിയും വിൽപ്പന നികുതിയും

(34,74,27,000 രൂപ)

ധനാഭ്യർത്ഥന നമ്പർ – VIII – എക്സൈസ്
(23,95,78,000 രൂപ)

ഗ്രാമവികസന വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ – XXXVI – സാമൂഹ്യ വികസനം
(1,20,54,90,000 രൂപ)

സഹകരണവകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സാമൂഹ്യ വികസനം എന്ന XXXVI –ാം നമ്പർ ധനാഭ്യർത്ഥനയെ സംബന്ധിക്കുന്ന ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

സർവ്വശ്രീ കെ. വി. കുഞ്ഞിരാമൻ, എം. വി. ജയരാജൻ, എ. കെ. ബാലൻ. ടി. കെ. ബാലൻ, സി. കെ. നാണു, കെ. പി. മോഹനൻ, കെ. പി. രാജേന്ദ്രൻ, പി. നാരായണൻ, എൻ. രാജൻ, എം. കുമാരൻ, പി. എസ്. സുപാൽ, വി. സി. കബീർ, മഞ്ഞളാംകുഴി അലി, സാജുപോൾ, ടി. പി. രാമകൃഷ്ണൻ, കെ. രാധാകൃഷ്ണൻ, പിരപ്പൻകോട് മുരളി, വി. കെ. സി. മമ്മത് കോയ, മത്തായി ചാക്കോ, ടി. കെ. ദേവകുമാർ, വി. ചെന്താമരാക്ഷൻ, വി. കെ. ചന്ദ്രൻ, കോടിയേരി ബാലകൃഷ്ണൻ, കെ. പി. സതീശ് ചന്ദ്രൻ, മാങ്കോട് രാധാകൃഷ്ണൻ, കോവൂർ കുഞ്ഞുമോൻ എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. ടി പി. രാമകൃഷ്ണൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ജനവിരുദ്ധവും തൊഴിലാളി വിരുദ്ധവുമായ മദ്യനയമാണ് ഈ ഗവൺമെന്റ് ആവിഷ്ക്കരിച്ചിരിക്കുന്നത്. മദ്യത്തിന് ഏർപ്പെടുത്തിയിരിക്കുന്ന നികുതി നിർദ്ദേശങ്ങൾ ഗവൺമെന്റിന്റെ വരുമാനം വർദ്ധിപ്പിക്കാനോ അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള മദ്യത്തിന്റെ ഒഴുക്ക് നിയന്ത്രിക്കാനോ പര്യാപ്തമല്ല. ബിവറേജസ് കോർപ്പറേഷനിൽ നിന്നുള്ള വരുമാനം കുറഞ്ഞിരിക്കുന്നു. സംസ്ഥാന ഖജനാവിന് നഷ്ടമുണ്ടാകുന്ന വിധത്തിലാണ് ഈ ഗവൺമെന്റ് കള്ളു വ്യവസായത്തിന് രൂപം നൽകിയിരിക്കുന്നത്. 25 കോടി രൂപ ടാർജറ്റ് നിശ്ചയിച്ചിരുന്ന സ്ഥാനത്ത് കള്ളു വ്യവസായം സ്വകാര്യ വ്യക്തികൾക്ക് ഏല്പിച്ചുകൊടുത്ത നടപടിയിലൂടെ 19 കോടി രൂപയേ ഇതുവരെ വരുമാനമുണ്ടായിട്ടുള്ളൂ. സർക്കാരിന്റെ നയംമൂലം കള്ളു വ്യവസായ മേഖലയിലെ പതിനായിരക്കണക്കിന് തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടിരിക്കുന്നു. യു.ഡി.എഫ്. തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയ്ക്കും ഉദയഭാനു കമ്മിഷൻ റിപ്പോർട്ടിലെ ശുപാർശകൾക്കും വിരുദ്ധമായിട്ടുള്ള നിലപാടുകളാണ് ഗവൺമെന്റ് കൈക്കൊള്ളുന്നത്. ഈ ഗവൺമെന്റ് വിദേശ മദ്യഷാപ്പുകൾ പുതിയതായി അനുവദിക്കുകയും അടഞ്ഞുകിടന്നിരുന്ന

ബാറുകൾ തുറന്നു പ്രവർത്തിക്കാൻ അവസരം ഉണ്ടാക്കുകയും ചെയ്തു. 1996–ൽ യു.ഡി.എഫ്. ഗവൺമെന്റ് ചാരായ നിരോധനം നടപ്പിലാക്കിയപ്പോൾ തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിരുന്നില്ല. തുടർന്നുവന്ന എൽ.ഡി.എഫ്. സർക്കാർ ആ തൊഴിലാളികൾക്കും ജോലി നൽകാൻ പരിശ്രമിച്ചെങ്കിലും കഴിയാതെ വന്നപ്പോൾ മുപ്പതിനായിരം രൂപ വീതം നഷ്ടപരിഹാരവും രണ്ടായിരം രൂപ വീതം മറ്റു സഹായവും നൽകിയിരുന്നു. ഈ ഗവൺമെന്റിന് ആത്മാർത്ഥത ഉണ്ടായിരുന്നെങ്കിൽ ചാരായ നിരോധനംമൂലം തൊഴിൽ നഷ്ട

പ്പെട്ടവരെ വിദേശ മദ്യഷാപ്പുകളിൽ നിയോഗിക്കാമായിരുന്നു. മദ്യനയത്തിന് രൂപം കൊടുക്കുന്നതിനുമുമ്പ് തൊഴിലാളി സംഘടനകളുമായി ചർച്ച നടത്തണമായിരുന്നു. ഈ ഗവൺമെന്റിന്റെ മദ്യനയത്തിന്റെ ഫലമായി കള്ളുചെത്തു വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന പതിനായിരക്കണക്കിന് തൊഴിലാളികൾക്ക് ജോലിയില്ലാതായിരിക്കുന്ന അവസ്ഥ ഇന്നുണ്ട്. ഈ രംഗത്ത് ഇന്നുള്ള പ്രതിസന്ധി പരിഹരിക്കുന്നതിന് ഗവൺമെന്റ് സ്വീകരിച്ചുവരുന്ന നയത്തിൽ മാറ്റം വരുത്തണം.

ശ്രീ. എം. മുരളി: ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ചുരുങ്ങിയ കാലത്തെ ഭരണംകൊണ്ട് ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കേരളത്തെ ഉയർത്തിക്കൊണ്ടുവരാൻ ധനകാര്യവകുപ്പുമന്ത്രിക്ക് കഴിഞ്ഞിരിക്കുന്നുവെന്നുള്ളത് ഒരു വസ്തുതയാണ്. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഭരണത്തിന്റെ അവസാന നാളുകളിൽ വണ്ടിച്ചെക്കുകളുടെ പ്രളയമായിരുന്നു. കഴിഞ്ഞ ഗവൺമെന്റ് കളഞ്ഞു കുളിച്ച ഖജനാവിന്റെ വിശ്വാസ്യത വീണ്ടെടുക്കാൻ ഇപ്പോഴത്തെ ധനകാര്യവകുപ്പുമന്ത്രിക്ക് കഴിഞ്ഞിരിക്കുന്നു. നമ്മുടെ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ 65% വരുന്ന സെയിൽസ് ടാക്സ് പിരിച്ചെടുക്കുന്ന കാര്യത്തിൽ കഴിഞ്ഞ എൽ. ഡി. എഫ്. ഗവൺമെന്റ് വീഴ്ച വരുത്തി. മുൻ യു. ഡി. എഫ്. ഗവൺമെന്റിന്റെ അവസാന കാലത്ത് 434.87 കോടി രൂപയാണ് സെയിൽസ് ടാക്സ് കുടിശ്ശികയുണ്ടായിരുന്നതെങ്കിൽ കഴിഞ്ഞ എൽ. ഡി. എഫ്. ഗവൺമെന്റിന്റെ അവസാന കാലഘട്ടത്തിൽ അത് 1668.31 കോടി രൂപയായി വർദ്ധിച്ചു. എൽ. ഡി. എഫ്. ഗവൺമെന്റിന്റെ നാലു വർഷക്കാലം ടാർജറ്റ് അച്ചീവു ചെയ്യാൻ സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റിന് കഴിഞ്ഞിട്ടില്ല. ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2001–2002–ൽ 4865 കോടി രൂപയായിരുന്നു ടാർജറ്റ് എങ്കിലും ഫെബ്രുവരി മാസത്തിലെ സമരം കാരണം 4450 കോടി രൂപ മാത്രമേ പിരിച്ചെടുക്കാൻ കഴിഞ്ഞുള്ളു. ഈ സാമ്പത്തിക വർഷം 5000 കോടി രൂപയാണ് ടാർജറ്റ്. ഈ മൂന്നുമാസക്കാലം കൊണ്ട് സെയിൽസ് ടാക്സ് കളക്ഷനിൽ റിക്കാർഡ് വർദ്ധനവ് ഉണ്ടാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിരിക്കുന്നു. നികുതി പിരിച്ചെടുക്കുന്നതിലും കുടിശ്ശിക പിരിച്ചെടുക്കുന്നതിലും ഒരു പ്രഷർ ഗ്രൂപ്പിന്റെ മുമ്പിലും ഗവൺമെന്റ് വഴങ്ങാൻ പാടില്ല. കോഴിക്കും കോഴി ഇറച്ചിക്കും പെട്രോൾ ഉൾപ്പെടെയുള്ള പെട്രോ കെമിക്കൽസിനും ചെക്ക് പോസ്റ്റിൽ തന്നെ എൻട്രി ടാക്സ്

ഏർപ്പെടുത്തിയതുവഴി ടാക്സ് ലീക്കേജ് ഒഴിവാക്കാൻ സാധിച്ചു. മറ്റു സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേയ്ക്ക് പാൽ എത്തുന്നത് നമ്മുടെ സംസ്ഥാനത്തെ ക്ഷീര കർഷകരെ പ്രതിസന്ധിയിലാക്കുന്നതുകൊണ്ട് പാലിന് എൻട്രി ടാക്സ് ഏർപ്പെടുത്തിയാൽ 250 കോടി രൂപയുടെ അധിക വരുമാനം ഗവൺമെന്റിനുണ്ടാക്കാൻ കഴിയും. സ്വർണ്ണക്കച്ചവടക്കാർ ടാക്സ് ഇവേഡ് ചെയ്യാൻ നടത്തുന്ന ശ്രമം തടയണം. കൺസ്യൂമർ സ്റ്റേറ്റായ കേരളത്തിൽ സെയിൽസ് ടാക്സ് കളക്ഷൻ കൂട്ടാനുള്ള മാർഗ്ഗം കണ്ടെത്തണം. സാമ്പത്തിക അച്ചടക്ക നടപടികൾ സ്വീകരിച്ചുകൊണ്ട് ഈ ഗവൺമെന്റ് 31.3.2001 വരെയുള്ള ജനകീയാസൂത്രണ

ചെലവുകളും കരാറുകാർക്ക് കൊടുക്കാനുള്ള 250 കോടി രൂപയും പെൻഷൻ കുടിശ്ശികയും കൊടുത്തുതീർത്തു. കാർഷിക വായ്പകൾ ഓരോന്നോരോന്നായി കൊടുത്തു കൊണ്ടിരിക്കുകയും അവയ്ക്ക് മോറട്ടോറിയം പ്രഖ്യാപിക്കുകയും ചെയ്തു. സർക്കാർ ജീവനക്കാർക്ക് സാമ്പത്തിക പ്രതിസന്ധിയിലും രണ്ട് ഗഡു ഡി. എ. കൊടുത്തു. പ്ലസ് ടു അദ്ധ്യാപകർക്ക് ശമ്പളം കൊടുക്കാൻ നടപടി സ്വീകരിച്ചു. സാമ്പത്തിക പ്രതിസന്ധിയിൽ നിന്ന് ഗവൺമെന്റ് പൂർണ്ണമായും കരകയറുമ്പോൾ സർക്കാർ ജീവനക്കാരുടെ നിർത്തലാക്കിയ ആനുകൂല്യങ്ങൾ തിരിച്ച് നൽകുന്ന കാര്യം പരിഗണിക്കണം. വരവിനേക്കാൾ കൂടുതൽ ചെലവു വരുത്തുന്ന അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ് നിറുത്തലാക്കാൻ തയ്യാറാകണം.

<u>ശ്രീ. പി. നാരായണൻ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വൻകിട വ്യവസായികളിൽ നിന്നും സെയിൽസ് ടാക്സ് ഇനത്തിൽ പിരിച്ചെടുക്കേണ്ട കോടിക്കണക്കിന് രൂപ പിരിച്ചെടുക്കുന്നില്ല. ജീവനക്കാരുടെ സമരകാലത്ത് ചെക്ക് പോസ്റ്റുകളിൽ സെയിൽസ് ടാക്സ് വകുപ്പിലെ ഉദ്യോഗസ്ഥൻമാരല്ലാത്തവരെ നിയമിച്ചതിന്റെ ഫലമായി കോടിക്കണക്കിന് രൂപയുടെ സാധനങ്ങൾ നികുതി കൂടാതെ കേരളത്തിലേയ്ക്ക് കടത്തികൊണ്ടുവന്നു. ചെക്ക് പോസ്റ്റുകളിലെ അഴിമതി തടയാൻ ആവശ്യമുള്ള ജീവനക്കാരെ യഥാസമയം പോസ്റ്റ് ചെയ്യണം. റെയിൽവേ മുഖാന്തിരം കോടിക്കണക്കിന് രൂപയുടെ സാധനങ്ങൾ നികുതി യില്ലാതെ കേരളത്തിൽ എത്തുന്നുണ്ട്. അതുകൊണ്ട് റെയിൽവേയുടെ അനുമതിയോടുകൂടി സെയിൽസ് ടാക്സുകാർ സ്റ്റേഷനുള്ളിൽ ചെന്ന് സാധനങ്ങൾ പരിശോധിക്കുവാനുള്ള നടപടിയുണ്ടാകണം. ഇന്റലിജൻസ് വിംഗ് കുറെക്കൂടെ ശക്തിപ്പെടുത്തണം. കട പരിശോധന യിൽനിന്നും ഇന്റലിജൻസ് ഉദ്യോഗസ്ഥൻമാരെ വിലക്കിയിരിക്കുന്നതുകൊണ്ട് കോടി ക്കണക്കിന് രൂപയുടെ നികുതി വെട്ടിപ്പ് നടക്കുന്നുണ്ട്. ഓരോ ദിവസത്തെ സ്വർണ്ണ വിലയും ടാക്സ് വിവരവും കടയിൽ പ്രദർശിപ്പിക്കാനുള്ള സംവിധാനമുണ്ടാക്കണം. കേരളത്തിൽ നടക്കുന്ന സ്വർണ്ണ ബിസിനസ്സിന്റെ 10 ശതമാനം പോലും ടാക്സബിൾ അല്ല. സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റിലെ ജോലിഭാരം കുറയ്ക്കുന്നതിനുവേണ്ടി ജോലിഭാരം കുറവുള്ള ഡിപ്പാർട്ടുമെന്റുകളിൽനിന്നും ജീവനക്കാരെ പുനർവിന്യസിപ്പിക്കണം. വാല്യൂ ആഡഡ് ടാക്സ് കേരളത്തിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കണം. മദ്യനയത്തിൽ വരുത്തിയ

മാറ്റം മൂലം തൊഴിലാളികൾ നടത്തിയ പ്രക്ഷോഭസമരത്തോടനുബന്ധിച്ച കേസുകൾ പിൻവലിക്കണം.

ശ്രീ. യു. സി. രാമൻ: ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരാണ് ചാരായ നിരോധനമെന്ന വിപ്ളവകരമായ തീരുമാനത്തെ അട്ടിമറിക്കാൻ ശ്രമിച്ചത്. വാറ്റ് ചാരായ കേന്ദ്രങ്ങളെ തടയിടുന്നതിനു പകരം പ്രോത്സാഹിപ്പിക്കുകയാണ് കഴിഞ്ഞ ഗവൺമെന്റ് ചെയ്തത്. വൻകിട മുതലാളിമാരെ ഒഴിച്ചുനിറുത്തുന്നതിനുവേണ്ടിയാണ് ഓരോ ഷാപ്പും ഓരോ വ്യക്തികൾക്ക് എന്നുള്ള സുപ്രധാന തീരുമാനം ഈ ഗവൺമെന്റ്

എടുത്തത്. 5972 ഷാപ്പുകൾ ഉണ്ടായിരുന്നത് 4000 ഷാപ്പുകളായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് തൊഴിൽ നല്കുന്നതിനുള്ള ഒരു പദ്ധതി യുമുണ്ടാക്കിയിട്ടുണ്ട്. ആയുധധാരികളായ വ്യാജവാറ്റുകാരെ നേരിടുന്നതിന് എക്സൈസ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാർക്ക് തോക്ക് നല്കാനുള്ള നടപടി സ്വീകരിക്കണം. കള്ളക്കടത്തുകാരേയും വ്യാജവാറ്റുകാരേയും തടയുന്നതിന് ആ വകുപ്പിനെ കൂടുതൽ കാര്യക്ഷമമാക്കണം. എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥന്മാർക്ക് കുറ്റാന്വേഷണ രംഗത്ത് മതിയായ പരിശീലനം നൽകണം. എക്സൈസ് വകുപ്പിന് അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ കൂടുതൽ തുക അനുവദിക്കണം. വാർത്താവിനിമയ മാർഗ്ഗങ്ങൾ മെച്ചപ്പെടുത്തുന്നതിനായി എല്ലാ ഓഫീസുകളിലും ഫോൺ സൗകര്യം ഏർപ്പെടുത്തണം. കുറ്റവാളികളെ കണ്ടുപിടിക്കുന്നതിനുള്ള രഹസ്യവിവരം നൽകുന്നവർക്ക് പാരിതോഷികം നൽകണം. ജനസംഖ്യാനുപാതികമായി എക്സൈസ് ഉദ്യോഗസ്ഥന്മാരുടെ സ്ട്രെങ്ത് വർദ്ധിപ്പക്കണം. മദ്യമാഫിയയുടെ ഇടപെടൽ കാരണം കോഴിക്കോട് ലേലത്തിൽ പോയ ഷാപ്പുകൾതന്നെ പ്രവർത്തിക്കാത്ത അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കണം. ബിവറേജസ് കോർപ്പറേഷന്റെ ലേബലിലുള്ള അനധികൃത മദ്യവിൽപ്പന തടയണം. ബാറുകളുടെ പ്രവർത്തനം കർശനമായും നിയമവിധേയമാക്കണം.

ശ്രീ. കെ. നാരായണക്കുറുപ്പ്:: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഗ്രാമീണ ജനതയുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും ഗ്രാമങ്ങളെ പുനരുദ്ധരിക്കുന്നതിനും മുൻഗണന നൽകണം. മൂന്നു വർഷത്തിലൊരിക്കൽ നികുതിഘടന കാലോചിതമായി പരിഷ്കരിക്കുകയും നികുതിപിരിവ് ഊർജ്ജിതമാക്കുകയും ചെയ്യണം. നികുതിഘടന മൂന്നു വർഷത്തിലൊരിക്കൽ ശാസ്ത്രീയമായി പുനഃക്രമീകരിക്കണം. വ്യാജവാറ്റ് നിർമ്മാണവും കള്ളവാറ്റും തടയുന്നതിന് നിലവിലുള്ള നിയമങ്ങൾ കർക്കശമായി നടപ്പാക്കണം.

ശ്രീ. കെ.കെ. ഷാജു: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാന ബഡ്ജറ്റി ലുണ്ടാകുന്ന ധനക്കമ്മി നികത്തുന്നതിന് കൂടുതൽ നികുതി ഭാരം ജനങ്ങളുടെമേൽ ചുമത്തുന്ന പ്രവണതയ്ക്ക് മാറ്റം വരുത്തണം. നിലവിലുള്ള നികുതികൾ പരമാവധി പിരിച്ചെടുക്കുകയും

കടുത്ത സാമ്പത്തിക അച്ചടക്കം പാലിക്കുകയും ചെയ്തുകൊണ്ടുള്ള മെച്ചപ്പെട്ട ധനകാര്യ മാനേജ്മെന്റാണ് സംസ്ഥാനത്തിന് വേണ്ടത്. പരമാവധി നികുതികൾ പിരിച്ചെടുക്കാൻ ഈ ഗവൺമെൻറിന് സാധിച്ചിട്ടുണ്ടെങ്കിലും പുതിയ ധനാഗമമാർഗ്ഗങ്ങൾകൂടി കണ്ടെത്തണം. 'ഒരു കപ്പ് പാലും ഷേക്ക് ഹാൻഡും' എന്ന പരിപാടിക്ക് ആവശ്യമായ പണം കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാത്ത സാഹചര്യത്തിൽ പുറമേ നിന്നു വരുന്ന പാലിന് പ്രവേശന നികുതി ഏർപ്പെടുത്തണം. മാറിയ സാമ്പത്തിക പരിഷ്ക്കാരങ്ങളുടെ പശ്ചാത്തലത്തിൽ കാർഷികാദായ നികുതിപിരിവ് സംബന്ധിച്ച് പുനരാലോചന നടത്തണം. ചാരായ നിരോധനംമൂലം തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളെ പുനരധിവസിപ്പിക്കുന്ന നടപടികൾ ത്വരിതപ്പെടുത്തണം. കഴിഞ്ഞ

എൽ.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് എക്സൈസ് മേഖലയിൽ വരുത്തിയ ഗുരുതരമായ വീഴ്ച കാരണം കേരളം സ്പിരിറ്റ് ഒഴുകുന്ന നാടായി മാറി. അനധികൃതമായി സ്പിരിററ് കേരളത്തിലേയ്ക്ക് ഒഴുകുന്നത് കർശനമായി തടയണം. വൻകിട മുതലാളിമാർ ബിനാമി ഇടപാടിൽ കള്ള് സൊസൈററികൾ പ്രവർത്തിപ്പിച്ചിരുന്നു. അത്തരം സൊസൈററികൾ പിരിച്ചുവിടാനുള്ള തീരുമാനവും സ്വാഗതാർഹമാണ്. മദ്യത്തിന് അമിത നികുതി ചുമത്തുന്നത് വ്യാജമദ്യം ഒഴുകാൻ സഹായിക്കുമെന്നതുകൊണ്ട് മദ്യനികുതിയിൽ കുറവ് വരുത്തുന്നതിന് നടപടികൾ സ്വീകരിക്കണം. പോഷകസമൃദ്ധമായ ശുദ്ധകള്ളിനെതിരായി നടക്കുന്ന സംഘടിതമായ കള്ള പ്രചാരവേല ചെറുക്കണം.

<u>ശ്രീ. വർക്കല കഹാർ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മദ്യനിരോധനം ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിന് പ്രതിജ്ഞാബദ്ധമായ ഒരു ഗവൺമെന്റാണിത്. അതുകൊണ്ടാണ് ഷാപ്പുകളുടെ എണ്ണം 4,000 ആയി കുറച്ചത്. മദ്യലോബിയുമായുള്ള ഇടതുമുന്നണി നേതാക്കളുടെ ബന്ധം പകൽപോലെ വ്യക്തമാണ്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ കവർചാരായ വിൽപ്പന വ്യാപകമായി നടന്നിരുന്നു. അന്ന് എക്സൈസ് ഡിപ്പാർട്ടുമെന്റിനെ നോക്കുകുത്തിയാക്കി ക്കൊണ്ട് മദ്യമാഫിയകളെ വഴിവിട്ട് സഹായിച്ചു. എക്സൈസ് ട്രെയിനിംഗ് കോളേജ്, എക്സൈസ് കോംപ്ളക്സ് എന്നിവ സ്ഥാപിക്കുന്നതിനുള്ള മുൻ യു.ഡി.എഫ്. ഗവൺ മെന്റിന്റെ തീരുമാനങ്ങൾ തുടർന്ന് അധികാരത്തിൽ വന്ന എൽ.ഡി.എഫ്. ഗവൺമെന്റ് നടപ്പാക്കിയില്ല. എക്സൈസ് ഡിപ്പാർട്ടുമെന്റിനെ ഇല്ലായ്മകളിൽനിന്നും പോരായ്മകളിൽ നിന്നും കരകയറ്റണം. വാഹനങ്ങൾ, ആയുധങ്ങൾ, സ്റ്റാഫ്, ടെലിഫോൺ തുടങ്ങിയവ നൽകി എക്സൈസ് വകുപ്പിനെ സുസജ്ജമാക്കണം. മദ്യമാഫിയകളെ നിയന്ത്രിക്കണം. വ്യാജമദ്യ വിൽപ്പനയ്ക്കെതിരെ കർശന നടപടി സ്വീകരിക്കണം. ജീവനക്കാരുടെ റിട്ടയർമെന്റ് ആനുകൂല്യവും കരാറുകാരുടെ കുടിശ്ശികയും കൊടുത്തുതീർക്കാൻ കഴിഞ്ഞതും ട്രഷറി നിയന്ത്രണത്തിൽ ധാരാളം അയവ് വരുത്തിയതും ചെക്ക്പോസ്റ്റുകളിലെ വരുമാനം വർദ്ധിപ്പി ക്കാൻ കഴിഞ്ഞതും ശ്ലാഘനീയമാണ്.

<u>ശ്രീ. അടൂർ പ്രകാശ്:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വിൽപ്പനനികുതി പിരിവിന്റെ കാര്യത്തിൽ എൽ.ഡി.എഫ്. ഗവൺമെന്റുകൾ എന്നും പരാജയപ്പെട്ടിരുന്നു. 1995–96–ൽ യു.ഡി.എഫ്. ഗവൺമെന്റ് അധികാരം വിട്ടൊഴിയുമ്പോൾ ബഡ്ജറ്റ് എസ്ററിമേറ്റി നേക്കാൾ 21 ശതമാനം കൂടുതൽ വിൽപ്പനനികുതി പിരിച്ചെടുത്തിരുന്നു. വിൽപ്പനനികുതി അഡ്വാൻസായി പിരിച്ചെടുക്കുന്ന സമീപനമാണ് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ സ്വീകരിച്ച്ത്. 2001–2002 സാമ്പത്തിക വർഷത്തിൽ 4500 കോടി രൂപ വില്പനനികുതി ഇനത്തിൽ പിരിച്ചെടുക്കാൻ കഴിഞ്ഞത് ഈ ഗവൺമെന്റിന്റെ ഏററവും വലിയ നേട്ടമാണ്. 2000–2003 സാമ്പത്തിക വർഷത്തെ 40 ശതമാനം വിൽപ്പനനികുതിയും ഏപ്രിൽ–മേയ് മാസങ്ങളിൽ പിരിച്ചെടുക്കുന്നതിന് ഗവൺമെന്റിന് കഴിഞ്ഞു. വിൽപ്പനനികുതി പിരിവിന്റെ കാര്യത്തിൽ വർദ്ധനവുണ്ടാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുമായും കച്ചവടക്കാരുമായും ജനപ്രതി

നിധികളുമായും സർക്കാർ ചർച്ച ചെയ്യാൻ തയ്യാറായാൽ ഈ രംഗത്ത് വലിയ മാറ്റമുണ്ടാക്കാൻ സാധിക്കും. വിൽപ്പനനികുതി നിയമത്തിൽ വേണ്ട മാറ്റങ്ങൾ വരുത്തണം. പട്ടണപ്രദേശ ങ്ങളിൽ ടാക്സ് ഈടാക്കുന്ന അതേ രീതിയിൽ ഗ്രാമപ്രദേശങ്ങളിലും ടാക്സ് ഈടാക്കിയാൽ ധാരാളം അപാകതകളുണ്ടാകുമെന്നതിനാൽ ഇക്കാര്യത്തിൽ ഒരു മെക്കാനിക്കൽ മെതേഡ് അപ്ളൈ ചെയ്യണം. ഇന്റലിജൻസ് വിഭാഗം ശക്തിപ്പെടുത്തണം. സത്യസന്ധരും കാര്യക്ഷമതയുള്ളവരുമായ ഉദ്യോഗസ്ഥരെ നികുതി പിരിവിനായി നിയമിക്കാനും നികുതി പിരിവിലുണ്ടാകുന്ന വർദ്ധനവ് അടിസ്ഥാനമാക്കി ഓരോ വർഷവും റിവാർഡ് നൽകി അവരെ അംഗീകരിക്കാനും ഗവൺമെന്റ് തയ്യാറാകണം. ഒരു സാമ്പത്തികവർഷം തുടങ്ങുന്നതിനു മുമ്പുതന്നെ മദ്യനയം നടപ്പാക്കണം. സംസ്ഥാനത്തേയ്ക്ക് വ്യാജമദ്യം ഒഴുകുന്നത് തടയാൻ ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തണം. ഉദ്യോഗസ്ഥന്മാർക്ക് ആവശ്യമായ വാഹനങ്ങളും ആയുധങ്ങളും നൽകണം. ചിറ്റൂർ ഷുഗേഴ്സ്, ട്രാവൻകൂർ ഷുഗേഴ്സ് എന്നീ ഡിസ്റ്റിലറികൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കണം.

<u>ശ്രീ. ഡി. സുഗതൻ</u>: ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. ഐക്യജനാധിപത്യമുന്നണി യുടെ പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളാണ് എക്സൈസ് വകുപ്പിൽ ഈ ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റ് കള്ള് വ്യവസായത്തിൽനിന്ന് സഹകരണസംഘങ്ങളെ ഒഴിവാക്കാൻ തീരുമാനമെടുത്തത് ഈ രംഗത്തുള്ള എല്ലാ സംഘടന കളുമായും ചർച്ച ചെയ്തതിനുശേഷമാണ്. ഘട്ടംഘട്ടമായി മദ്യനിരോധനം നടപ്പിലാക്കുക

എന്നതാണ് ഈ മുന്നണിയുടെ ലക്ഷ്യം. അതിന്റെ അടിസ്ഥാനത്തിലുണ്ടായിട്ടുള്ള പ്രവർത്തന ങ്ങളിൽ പാളിച്ചകൾ വന്നിട്ടുണ്ടെങ്കിൽ അവയ്ക്ക് ചർച്ചയിലൂടെ പരിഹാരം കണ്ടെത്തണം. മദ്യമാഫിയയേയും വൻകിടക്കാരേയും അനുകൂലിക്കുന്നവരാണ് എൽ.ഡി.എഫ്.. എക്സൈസ്

വകുപ്പ് കൂടുതൽ കാര്യക്ഷമമാക്കുകയും വേണ്ടത്ര പരിരക്ഷ നൽകുകയുംചെയ്യണം. എക്സൈസ് വകുപ്പിന്റെ സ്റ്റാഫ് പാറ്റേൺ പുതുക്കുകയും കമ്മ്യൂണിക്കേഷൻ സംവിധാനം ഉൾപ്പെടെ ആധുനിക സംവിധാനങ്ങളേർപ്പെടുത്തുകയും വേണം. കോമ്പൗണ്ടിംഗ് സിസ്റ്റം പുനഃസ്ഥാപിക്കുന്നതിന് അബ്കാരി നിയമത്തിൽ ആവശ്യമായ ഭേദഗതികൾ കൊണ്ടുവരണം.

<u>ശ്രീ. കെ.പി. മോഹനൻ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പാവപ്പെട്ടവരുടെമേൽ കൂടുതൽ നികുതിഭാരം അടിച്ചേല്പിക്കുന്ന നയം ഒഴിവാക്കണം. അച്ചടി വ്യവസായത്തെ പ്രതികൂലമായി ബാധിക്കുന്ന നികുതി നിർദ്ദേശമാണ് നിലവിലുള്ളത്. ഏകീകൃത രീതിയിലുള്ള നികുതി സമ്പ്രദായം ഈ രംഗത്ത് ഏർപ്പെടുത്തണം. ചെത്ത് തൊഴിലാളികളെ ദ്രോഹിക്കുന്ന നടപടിയിൽനിന്ന് ഗവൺമെന്റ് പിന്മാറണം. അബ്കാരി ആക്ട് പ്രകാരം തൊഴിലാളികളുടെ പേരിൽ എടുത്തിട്ടുള്ള കേസുകൾ പിൻവലിക്കണം.

<u>ശ്രീ. ടി.പി.എം. സാഹിർ:</u> ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് മൃതപ്രായമാക്കിയ ധനകാര്യ വകുപ്പിനെ രക്ഷിക്കാനുള്ള ഗവൺമെന്റിന്റെ ശ്രമം ശ്ലാഘനീയമാണ്. സാമ്പത്തിക പരിഷ്ക്കരണത്തിന്റെ ഭാഗമായുള്ള ചെലവുചുരുക്കൽ നടപടിയിലൂടെ സംസ്ഥാനത്തെ റവന്യു വരുമാനം വർദ്ധിച്ചിരിക്കുന്നു. വിൽപന നികുതിപിരിവ് ഈ ഗവൺമെന്റ് കാര്യക്ഷമമാക്കിയിരിക്കുന്നു. സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സെയിൽസ് ടാക്സ് വർദ്ധിപ്പിച്ചതും എൻട്രി ടാക്സ് ഏർപ്പെ ടുത്തിയതും സ്വാഗതാർഹമാണ്. എന്നാൽ അന്യസംസ്ഥാനങ്ങളിൽനിന്ന് വ്യാവസായികാവശ്യത്തിനായി സംസ്ഥാനത്ത് കൊണ്ടുവരുന്ന അസംസ്കൃത വസ്തുക്കൾക്ക് എൻട്രി ടാക്സ് ഈടാക്കുന്നത് ഇൻഡസ്ട്രിയൽ പ്രോഡക്ടിന്റെ വിലവർദ്ധനവിന് ഇടയാക്കുമെന്നതിനാൽ അസംസ്കൃത വസ്തുക്കളെ എൻട്രി ടാക്സിൽനിന്നും ഒഴിവാക്കണം. ഓരോ വ്യവസായസ്ഥാപനവും ലക്ഷക്കണക്കിന് രൂപ പരസ്യത്തിനായി ചെലവഴിക്കുമ്പോൾ ആ തുകയ്ക്ക് സെസ് ഏർപ്പെടുത്തി ഗവൺമെന്റിന്റെ വരുമാനം വർദ്ധിപ്പിക്കണം. വർഷങ്ങളായി "സെയിൽസ് ടാക്സ്" ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക പിരിച്ചെടുക്കാൻ സെറ്റിൽമെന്റ് കമ്മിഷൻ എന്ന ബഡ്ജറ്റ് പ്രഖ്യാപനം ഗവൺമെന്റ് പ്രാവർത്തികമാക്കണം. റവന്യൂ റിക്കവറി സംബന്ധമായി കോടതിയിൽ കെട്ടിക്കിടക്കുന്ന കേസ്സുകൾ സെറ്റിൽ ചെയ്യാനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. വി.ജെ. പൗലോസ്:</u> ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു. 20,000 കോടിയിൽപരം രൂപയുടെ കടബാദ്ധ്യത ഏൽപിച്ചുകൊണ്ടാണ് എൽ.ഡി.എഫ്. ഗവൺമെന്റ് അധികാര മൊഴിഞ്ഞത്. ആ കടം തീർക്കാനുള്ള ശ്രമമാണ് ഈ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. കരാറുകാർക്കുള്ള കുടിശ്ശികയായ 800 കോടി രൂപയിൽ 400

കോടി രൂപ ഈ ഗവൺമെന്റ് കൊടുത്തു. അനാവശ്യ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ചെലവ് വർദ്ധിപ്പിക്കുന്ന നടപടിയാണ് കഴിഞ്ഞ ഗവൺമെന്റ് സ്വീകരിച്ചതെങ്കിൽ ഉദ്യോഗസ്ഥൻമാരുടെ എണ്ണം വെട്ടിക്കുറച്ചുകൊണ്ട് ചെലവ് കുറയ്ക്കുന്ന സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. ഇനിയും റവന്യു ച്ചെലവുകൾ കുറയ്ക്കാനുള്ള നടപടി സ്വീകരിക്കണം. കാർഷികാദായ നികുതി പിരിച്ചെടുക്കു ന്നതിന് വിനിയോഗിക്കുന്ന തുക കാർഷികാദായ നികുതിയിനത്തിൽ ലഭിക്കുന്ന വരുമാനത്തേ ക്കാൾ കൂടുതലാണെങ്കിൽ ആ നികുതി ഒഴിവാക്കുന്നതായിരിക്കും ഉചിതം. സെയിൽസ് ടാക്സ് പിരിവ് ഊർജ്ജിതമാക്കണം. നികുതിദായകരും നികുതി പിരിക്കുന്നവരും തമ്മിൽ നല്ല ബന്ധം സൃഷ്ടിച്ചുകൊണ്ട്, നികുതി അടയ്ക്കാത്തതിന്റെ പേരിൽ വൻ തുകകൾ പിഴ ഈടാ ക്കുന്നതും സ്ഥാപനങ്ങൾ തന്നെ അടച്ചുപൂട്ടുന്നതുമായ സ്ഥിതിവിശേഷം ഒഴിവാക്കണം. റേഞ്ച് അടിസ്ഥാനത്തിൽ കള്ളുഷാപ്പുകളും മറ്റും ലേലം ചെയ്യുന്നതിൽ പ്രതിപക്ഷത്തിന്റെ അഭിപ്രായം വ്യക്തമാക്കണം. പഞ്ചായത്തിൽ ബിവറേജസ് കോർപ്പറേഷന്റെ ഓരോ ഔട്ട്ലെറ്റു വീതം കൊടുത്ത് വരുമാനം വർദ്ധിപ്പിക്കാനും വ്യാജ മദ്യവിൽപന തടയാനും ശ്രമിക്കണം.

<u>ശ്രീ ടി.കെ. ബാലൻ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു . ഈ ഗവണ്മെന്റ് അധികാരമേറ്റത് കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണെന്നും ആ പ്രതിസന്ധികളിൽ നിന്നും കരകയറാൻ ആറുമാസംകൊണ്ട് നിരവധി കാര്യങ്ങൾ ചെയ്തുതീർക്കുമെന്നും അവകാശപ്പെട്ട യു.ഡി.എഫ് സർക്കാരിന് പതിന്നാലു മാസമായിട്ടും അവകാശവാദങ്ങൾ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല . സെയിൽസ് ടാക്സ് പിരിവിന്റെ പിന്നിൽ നടക്കുന്ന തട്ടിപ്പ് സർക്കാർ അനലൈസ് ചെയ്യണം. 2000–2001–ലെ മൊത്തം സെയിൽസ് ടാക്സ് കളക്ഷൻ 4365 കോടി രൂപയായിരുന്നപ്പോൾ 2001–2002–ൽ അത് 4451 കോടി രൂപയായി വർദ്ധിച്ചു. പെട്രോളിയം കോർപ്പറേഷൻ, എഫ്.സി.ഐ, ടൈറ്റാനിയം, ബിവറേജസ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളിൽനിന്നുള്ള സെയിൽസ്ടാക്സ് കളക്ഷനിൽ വർദ്ധനവുണ്ടെങ്കിലും ഷോപ്സ് ആന്റ് എസ്റ്റാബ്ളിഷ്മെന്റിൽ നിന്നുള്ള ടാക്സ് പിരിവിന്റെ കാര്യത്തിൽ ഈ സർക്കാർ താഴോട്ട് പോയിരിക്കുന്നു. കച്ചവടക്കാർ പറയുന്ന കണക്ക് അതേപടി അംഗീകരിച്ച് അസസ്മെന്റ് നടത്തുന്നു. സ്റ്റോക്ക് പരിശോധിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെ അനുവദിക്കാത്തതിനാൽ കോടിക്കണക്കിനു രൂപയുടെ നഷ്ടമാണ് ഉണ്ടാകുന്നത് . ഗോൾഡ് കോമ്പൗണ്ടിംഗിലൂടെ 15 കോടി രൂപ പ്രതീക്ഷിക്കുന്നു എന്നു പറഞ്ഞിട്ട് ചില്ലിക്കാശുപോലും ആ ഇനത്തിൽ പിരിച്ചടുക്കാൻ കഴിഞ്ഞിട്ടില്ല . അര ശതമാനം ടേൺ ഓവർ ടാക്സ് ഏർപ്പെടുത്തിയിരുന്നെങ്കിൽ 150 കോടി രൂപ ലാഭിക്കാമായിരുന്നതും പാഴാക്കിക്കളഞ്ഞു. വൻതുക നേടാമെന്ന ധാരണയിൽ കൊണ്ടുവന്ന സെറ്റിൽമെന്റ് കമ്മീഷൻ ഗവണ്മെന്റിന്റെ കോൾഡ് സ്റ്റോറേജിലായിരിക്കുന്നു. ട്രഷറി അക്കൗണ്ടുകൾ മരവിപ്പിച്ചതിലൂടെ പട്ടികജാതി–പട്ടികവർഗ്ഗ വികസനത്തിനുള്ള മുന്നൂറു കോടി രൂപ ചെലവഴിക്കാതെ മരവിപ്പിച്ചു. ഗുജറാത്ത് ഫണ്ടിലെ ഒൻപതു കോടി രൂപ ടി. പി. അക്കൗണ്ടിൽ കിടക്കുന്നു.

കേന്ദ്രത്തിൽനിന്നു ലഭി.ച്ച തുകയും നബാർഡിന്റെ ആർ.ഐ.ഡി.എഫ് സ്കീമിൽ കിട്ടിയ തുകയും ഈ സർക്കാർ മരവിപ്പിച്ചു . ചെക്കുകൾ മാറുന്നതു സംബന്ധിച്ച് വലിയ അവകാശവാദമുന്നയിക്കുമ്പോൾ ആറുമാസം മുമ്പ് നൽകിയ ധാരാളം ചെക്കുകൾ ഇനിയും മാറാനുണ്ട്. കഴിഞ്ഞ സർക്കാർ 840 കോടിരൂപ കോൺട്രാകടർമാർക്ക് കൊടുക്കാനുണ്ടായിരുന്ന സ്ഥാനത്ത് 440 കോടി രൂപ കൊടുത്തു . .എന്നാൽ ഇപ്പോൾ 1500 കോടി രൂപ കൊടുക്കാനുണ്ട് . സെയിൽസ് ടാകസ് കുടിശ്ശിക പിരിക്കുന്ന കാര്യത്തിൽ തമിഴ്നാട് മോഡൽ സ്വീകരിക്കാവുന്നതാണ്. എ.ഡി.ബി ക്കാരുടെ വായ്പ ലഭ്യമാക്കുന്നതു സംബന്ധിച്ച് വിവിധ തലങ്ങളിൽ സബ്സിഡികൾ വെട്ടിക്കുറയ്ക്കുന്നതിനോ ജീവനക്കാരുടെ ആനുകൂല്യങ്ങൾ കുറയ്ക്കുന്നതിനോ കഴിഞ്ഞ ഇടതുപക്ഷമുന്നണി സർക്കാർ തയ്യാറായിട്ടില്ല. എന്നാൽ ഈ സർക്കാർ എ.ഡി.ബി.ക്കാരുടെ വായ്പ ലഭ്യമാക്കുന്നതിനായി അവരുടെ നിബന്ധനകൾക്ക് വഴങ്ങിക്കൊടുക്കുന്നതു ശരിയല്ല. ഇന്നത്തെ സാമ്പത്തിക പരാധീനത പരിഹരിക്കാൻ സെൻട്രൽ ഗവണ്മെന്റിന്റെ സംസ്ഥാന ടാക്സ് വിഹിതം 50 ശതമാനമാക്കാൻ ശ്രമിക്കണം . പതിനൊന്നാം ധനകാര്യ കമ്മീഷനിൽ 3464 കോടി രൂപ നഷ്ടമായതു സംബന്ധിച്ചും ഗൗരവമായി ആലോചിക്കണം . കോഴിക്കുള്ള എൻട്രി ടാക്സ് എട്ട് ശതമാനത്തിൽനിന്നും അഞ്ചു ശതമാനമാക്കി ചുരുക്കിയതിനാൽ 82 കോടി രൂപ നഷ്ട

മായിട്ടുണ്ട്. ട്രാൻസിറ്റ് മോർട്ടാലിറ്റി റേറ്റ് അഞ്ച് ശതമാനമായിരുന്നത് നാല്പതു ശതമാനമാക്കി വർദ്ധിപ്പിച്ചതിലൂടെ കോടിക്കണക്കിനു രൂപയുടെ നഷ്ടമാണ് വരുന്നത്. തമിഴ്നാട്ടിൽനിന്നും ലോറികളിൽ നിശ്ചിത എണ്ണത്തിൽക്കൂടുതൽ കോഴികളെ കേരളത്തിലേക്ക് കയറ്റിക്കൊണ്ടു വരുന്നതുമായി ബന്ധപ്പെട്ടുള്ള ഡെലിവറി നോട്ട് പരിശോധിക്കാൻ നടപടിയെടുക്കണം .

ഗ്രാമവികസന വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്): കടുത്ത സാമ്പത്തിക പ്രതിസന്ധി അനുഭവിക്കുന്ന ഈ സമയത്ത് സ്റ്റേറ്റിന് അർഹതപ്പെട്ട കേന്ദ്രാവിഷ്ക്കൃത പദ്ധതികൾ ക്കാവശ്യമായ തുക കേന്ദ്രത്തിൽനിന്നും ഒരു പൈസപോലും നഷ്ടപ്പെടാതെ വാങ്ങി വിനിയോഗിക്കുകയാണ് ഈ ഗവൺമെന്റിന്റെ ലക്ഷ്യം. 2001–02–ൽ കേന്ദ്രാവിഷ്ക്കൃത പദ്ധതികളിൽ മുഴുവൻ തുകയും വാങ്ങിക്കുകയും ഒരു പൈസപോലും നഷ്ടപ്പെടുത്താതെ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമവികസന വകുപ്പിലൂടെ നടപ്പിലാക്കിവരുന്ന പദ്ധതികളിൽ 75 ശതമാനം കേന്ദ്ര ഗവൺമെന്റും 25 ശതമാനം സ്റ്റേറ്റ് ഗവൺമെന്റുമാണ് കൊടുക്കുന്നത്. ഏറ്റവും പ്രധാനപ്പെട്ടത് എസ്. ജി. എസ്. ആർ. വൈ പദ്ധതിയാണ്. പത്താം പദ്ധതിയിൽ ലക്ഷ്യമിടുന്ന വനിതാ സ്വാശ്രയ സംഘങ്ങൾ, സ്വയം സഹായ സംഘങ്ങൾ കുടുംബശ്രീ യൂണിറ്റുകൾ ഇവയൊക്കെ എല്ലാ സ്ഥലത്തും തൊഴിൽ സംരംഭങ്ങളിലേക്ക് മുന്നേറിക്കൊണ്ടിരിക്കുന്നു. കൂടാതെ ഇവയ്ക്ക് ബാങ്കുകളുടെ സഹായവും ലഭ്യമാക്കുന്നുണ്ട്. എസ്. ജി. എസ്. വൈ. പദ്ധതി പ്രകാരം 40,000 കുടുംബങ്ങളെ ഈ വർഷം സഹായിക്കും.

ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരം ഈ വർഷം 20,000 കുടുംബങ്ങൾക്ക് ഭവനങ്ങൾ നിർമ്മിച്ചുകൊടുക്കുകകയും 11,000 വീടുകൾ റിപ്പയർ ചെയ്യുന്നതിനുള്ള സഹായം നൽകുകയും ചെയ്യും. എസ്. ജി. ആർ. വൈ. പദ്ധതി ഗ്രാമങ്ങളുടെ വികസന പ്രവർത്തനങ്ങളുടെ കാര്യത്തിൽ വളരെയേറെ സഹായകമാണ്. ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്ന 200 കോടി രൂപയുടെ തൊഴിൽദാന പദ്ധതിയും വനിതാ ക്ഷേമത്തിനുള്ള 100 കോടി രൂപയുടെ പദ്ധതിയും കുടുംബശ്രീ പദ്ധതിയും വ്യവസായ വകുപ്പിലുള്ള പി. എം. ആർ. വൈ. പദ്ധതിയും കൂടി സംയോജിപ്പിച്ച് ബാങ്കുകളുടെ സഹായം ആനുപാതികമായി വാങ്ങിച്ചെടു ക്കാൻ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ബാങ്ക് പ്രതിനിധികളുടെ ഒരു യോഗം വിളിച്ചുകൂട്ടാൻ ആഗ്രഹിക്കുന്നുണ്ട്. വളരെ ശോചനീയമായ നിലയിൽ കഴിയുന്ന കേരളത്തിലെ എസ്റ്റേറ്റ് തൊഴിലാളികൾ, ആദിവാസികൾ, മത്സ്യത്തൊഴിലാളികൾ തുടങ്ങിയവർക്ക് വേണ്ടി മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം ഒരു സ്പെഷ്യൽ പ്രോജക്ട് തയ്യാറാക്കി കേന്ദ്ര ഗ്രാമ വികസന വകുപ്പിന്റെ സഹായത്തിനായി സമർപ്പിക്കുന്നതാണ്. ബി. പി. എൽ.-നു തൊട്ടു മുകളിലുള്ളവരെ സഹായിക്കുന്നതിനായി ഗ്രാമ ഭവന നിർമ്മാണ വായ്പാ സബ്സിഡി പദ്ധതി നടപ്പാക്കും. ഈ വർഷം നാലായിരം കുടുംബങ്ങളെ സഹായിക്കാനുദ്ദേശിക്കുന്നു. കേരളത്തിലെ 14 ജില്ലകളിലും ശുചിത്വ പദ്ധതികൾ നടപ്പിലാക്കുന്നതാണ്. ഏഴു ജില്ലകളിലെ പദ്ധതികൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി കിട്ടിക്കഴിഞ്ഞു. 57.05 കോടി രൂപ അനുവദിച്ചു കഴിഞ്ഞു. ഇനി 70 കോടി രൂപയുടെ പദ്ധതി സമർപ്പിക്കാൻ പോകുന്നു.

സംയോജിത തരിശ് ഭൂമി വികസന പദ്ധതി ത്വരിതപ്പെടുത്തും. മലപ്പുറം, പാലക്കാട്, വയനാട്, കണ്ണൂർ, കാസർകോട്, ഇടുക്കി ജില്ലകളിലേയ്ക്കുള്ള പ്രോജക്ടുകൾ ഈ വർഷം കേന്ദ്രത്തിന് സമർപ്പിക്കുന്നതാണ്. ദേശീയ തൊഴിലുറപ്പ് പദ്ധതിക്ക് യു. ഡി. എഫ് ഗവൺമെന്റ് 3520.99 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്. ഗ്രാമങ്ങളിലെ ജനങ്ങൾക്ക് ആശ്രയിക്കാവുന്ന ഒരു നല്ല പദ്ധതിയാണ് ഗ്രാമീണ സടക് യോജനാ പദ്ധതി. 41 ബ്ലോക്കുകൾക്ക് സഹായം ലഭിച്ചു. വേൾഡ് ബാങ്കിന്റെ അസിസ്റ്റൻസ് കിട്ടുന്ന മുറയ്ക്ക് ശേഷിക്കുന്ന 111 ബ്ലോക്കുകളിൽ കൂടി 600 കോടി രൂപയുടെ സഹായം ലഭ്യമാക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡവലപ്മെന്റിനേയും പ്രാദേശിക ട്രെയിനിംഗ് സെന്ററുകളേയും ശക്തിപ്പെടുത്താൻ 2.40 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): കഴിഞ്ഞ ഒരു വർഷമായി സാമ്പത്തിക രംഗത്ത് ക്രമാതീതമായ പുരോഗതി കൈവരിക്കാൻ സാധിച്ചു. ഇതിനകം പല മാറ്റങ്ങളും വരുത്തി. ട്രഷറി നിയന്ത്രണത്തെക്കുറിച്ച് വളരെ പ്രമാദമായ വിമർശനമുണ്ടായിരുന്നു. 1987-ലെ നിയമപ്രകാരം സാമ്പത്തിക ബുദ്ധിമുട്ട് വരുമ്പോൾ ആവശ്യാനുസരണം ട്രഷറി നിയന്ത്രണമേർപ്പെടുത്താറുണ്ട്. എന്നാൽ ഈ ഒരു വർഷ

ത്തിനുള്ളിൽ ട്രഷറി പൂട്ടിയിടേണ്ടി വന്നിട്ടില്ല. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് മുൻസർക്കാർ കുടിശ്ശികയിട്ട 500 കോടിയിൽപ്പരം രൂപ കൊടുത്തു തീർത്തു എന്നുമാത്രമല്ല 30–4–02 വരെയുള്ള എല്ലാ പേമെന്റുകളും ട്രഷറി നിയന്ത്രണത്തിൽ നിന്ന് ഒഴിവാക്കുകയും ചെയ്തു. 600 കോടി രൂപയുടെ ലെറ്റർ ഓഫ് ക്രെഡിറ്റ് ഈ സാമ്പത്തിക വർഷം ഇഷ്യൂ ചെയ്യും. എം.പി./എം.എൽ.എ. വികസന പദ്ധതികളും കേന്ദ്രാവിഷ്കൃത വികസന പദ്ധതികളും സംബന്ധിച്ച ചെലവുകൾ ട്രഷറി നിയന്ത്രണത്തിൽ നിന്നൊഴിവാക്കി. 30–4–02 വരെ ഭൂമി പൊന്നുംവിലയ്ക്കെടുത്ത വകയിലുള്ള തുകയും ദുരിതാശ്വാസ പ്രവർത്തന ങ്ങൾക്ക് അനുവദിച്ച തുകയും സാമൂഹ്യ പെൻഷനുകളുടെ ഒരു ഗഡുവും കൊടുത്തു കഴിഞ്ഞു. സർക്കാർ ജീവനക്കാരുടെ പി.എഫ്. വായ്പയ്ക്ക് ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങളിൽ അയവു വരുത്തി. എം.എൽ.എ.മാരുടേയും ജീവനക്കാരുടെയും യാത്രാബത്ത current ആക്കി. എക്സ് എം.എൽ.എ. മാരുടെ ചികിൽസാ ചെലവ് ട്രഷറി നിയന്ത്രണത്തിൽ നിന്നൊഴിവാക്കി. ഈ വർഷത്തെ 4036 കോടി രൂപയുടെ പ്ളാൻ ഫണ്ട് മുഴുവൻ ചെലവഴിക്കാൻ നടപടി സ്വീകരിക്കും. 1.7.1999 മുതൽ കൊടുക്കാനുണ്ടായിരുന്ന 17 ശതമാനം ക്ഷാമബത്തയിൽ ആറു ശതമാനം കൊടുക്കാൻ തീരുമാനിച്ചു. പ്ളസ് ടു അദ്ധ്യാപകരെ റഗുലറൈസ് ചെയ്യാനും അവർക്ക് ശമ്പളം കൊടുക്കാനും തീരുമാനിച്ചു. 1996–97–ൽ 2616 കോടി രൂപയായിരുന്നു ശമ്പളം കൊടുത്തതെങ്കിൽ 2000–2001–ൽ 4808 കോടി രൂപയായി വർദ്ധിച്ചു. ശമ്പളമിനത്തിൽ 400 കോടി രൂപയും പെൻഷൻ 145 കോടി രൂപയും പണ്ട് കടംവാങ്ങിയ തുകയുടെ പലിശയിനത്തിൽ 200 കോടി രൂപയും ഗവൺമെന്റ് ഒരു മാസം

കൊടുക്കണം. 2000–2001–ൽ വില്പന നികുതി 4365 കോടി രൂപ പിരിച്ചപ്പോൾ 2001–2002–ൽ 4450 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്. സെറ്റിൽമെന്റ് കമ്മിഷന്റെ പ്രവർത്തനംമൂലം 22000–ത്തോളം കേസുകൾ ഉണ്ടായിരുന്നത് ഇപ്പോൾ 9000–ത്തോളമായി കുറഞ്ഞു. എറണാകുളത്തുള്ള ഒരു അപ്പലേറ്റ് കമ്മിഷന് സെറ്റിൽമെൻറ് കമ്മിഷന്റെ അധികാരം കൂടി വെസ്റ്റ് ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്. തൊഴിലാളി നേതാക്കൻമാരുമായി സംസാരിച്ച് ബാക്കിയുള്ള 809 കള്ളുഷാപ്പുകൾ കൂടി ഈ ആഴ്ച തന്നെ ലേലം ചെയ്തു കൊടുക്കാൻ സാധിക്കും. സംസ്ഥാനത്തിന്റെ വികസനത്തിന് അനുയോജ്യമായ രീതിയിൽ 100 ശതമാനം സുതാര്യതയോടുകൂടി മാത്രമായിരിക്കും എ.ഡി.ബി.യിൽനിന്ന് പണം കടം വാങ്ങുന്നത്. കേരളത്തിന്റെ സാമ്പത്തിക പുരോഗതിക്ക് തുടക്കം കുറിച്ചിരിക്കുന്ന ഈ അവസരത്തിൽ എല്ലാപേരുടേയും സഹകരണം ഉണ്ടാകണം. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

എക്സൈസ് എന്ന VIII -ാം നമ്പർ ധനാഭ്യർത്ഥന 29–നെതിരെ 63 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു. കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V–ാം നമ്പർ ധനാഭ്യർത്ഥനയും സാമൂഹ്യവികസനം എന്ന XXXVI–ാം നമ്പർ ധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ ഉച്ചയ്ക്കുശേഷം 1.32–ന് പിരിഞ്ഞു.